# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.601**

**29/06/2015 ൽ**
**മറുപടിയ്ക്ക്**

### കശുവണ്ടിമേഖലയെ പ്രതികൂലമായി ബാധിക്കുന്ന വിദേശ വ്യാപാരനയം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പി.കെ .ഗുരുദാസൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിദേശ വ്യാപാരനയം കശുവണ്ടി മേഖലയെ പ്രതികൂലമായി ബാധിക്കുന്ന എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ; | (എ) ഉണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിദേശ വ്യാപാരനയം അനുസരിച്ച് 01/04/2015 ന് പ്രഖ്യാപിച്ച ഫോറിൻ ട്രേഡ് പോളിസി പ്രകാരം ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്യുന്ന കശുവണ്ടി ഉല്പന്നങ്ങളുടെ കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യവസ്ഥയായ VKGUY (വിശേഷ കൃഷി ഗ്രാമ ഉദ്യോഗ് യോജന) അഞ്ച് ശതമാനത്തിൽ നിന്ന് രണ്ട് ശതമാനമായി കുറക്കുകയുണ്ടായി. ഇത് കശുവണ്ടി കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലും (CEPC) കേരള ഗവൺമെന്റും ഇത് സംബന്ധിച്ച് വാണിജ്യ മന്ത്രാലയവുമായി ചർച്ച നടത്തുകയും പഴയതുപോലെ ഇത് 5% ആയി പുനഃസ്ഥാപിക്കാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി കശുവണ്ടിക്ക് ലഭ്യമായിരുന്ന ഡ്യൂട്ടി സ്ലിപ് ആനുകൂല്യം അഞ്ച് ശതമാനത്തിൽ നിന്നും രണ്ട് ശതമാനമായി വെട്ടിക്കുറച്ച കേന്ദ്ര ഗവൺമെന്റിന്റെ നടപടി പിൻവലിക്കുന്നതിന് വേണ്ടി സർക്കാർ | (ബി) കയറ്റുമതി പ്രോൽസാഹനത്തിന്റെ ഭാഗമായി കശുവണ്ടിക്ക് ലഭ്യമായിരുന്ന ഡ്യൂട്ടി സ്ലിപ് ആനുകൂല്യം അഞ്ച് ശതമാനത്തിൽ നിന്ന് രണ്ട് ശതമാനമായി വെട്ടിക്കുറച്ച കേന്ദ്ര ഗവൺമെന്റിന്റെ നടപടി പിൻവലിക്കുവാനും ഡ്യൂട്ടി സ്ലിപ് |

എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ആനുകൂല്യം അഞ്ച് ശതമാനമായി പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ